Lesson-20
പാഠം-20

# സ്നാപക യോഹന്നാൻ
# John The Bapist

ചിത്രത്തിന് നിറം കൊടുക്കുക
Colour the picture



**തേൻകണം**
**Honey Comb**

പൈതൽ വളർന്നു ആത്മാവിൽ ബലപ്പെട്ടു ;
അവൻ യിസ്രായേലിന് തന്നെത്താൻ കാണിക്കും നാൾ വരെ മരുഭൂമിയിൽ ആയിരുന്നു.
ലൂക്കോസ് 1:80

And the child grew and waxed strong in spirit and was
in the desert till the day of his showing into Israel. Luke 1:80

**പാഠഭാഗം:-മത്തായി 3:1-17, ലൂക്കോസ് 1:5-66, 3:1-22**

ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയക്കുവാൻ ഉദ്ദേശിച്ചപ്പോൾ, ആ സംഭവം വിളമ്പരം ചെയ്യുന്നതിനും അവന് വഴി ഒരുക്കുന്നതിനു മുന്നോടിയായി യോഹന്നാൻ സ്നാപകനെ അയച്ചു. അത് ദൈവത്തിന്റെ പദ്ധതിയനുസരിച്ചായിരുന്നു.

യേശു ജനിക്കുന്നതിനു മുമ്പ് യെരുശലേമിനു സമീപം ഒരു ഗ്രാമത്തിൽ ഭക്തിയുള്ള ഒരു കുടുംബം ജീവിച്ചിരുന്നു. കുടുംബ നായകൻ സെഖര്യാവ് എന്ന പുരോഹിതനും അദ്ദേഹത്തിന്റെ ഭാര്യ എലീശബെത്ത് ഉത്തമയായ സ്ത്രീയും ആയിരുന്നു. ഈ വൃദ്ധരായ ദമ്പതികൾക്ക് മക്കൾ ഇല്ലാതിരുന്നതിനാൽ ഒരു കുഞ്ഞിനുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

ഒരു ദിവസം സെഖര്യാവ് ദൈവാലയത്തിൽ ശുശ്രൂഷിച്ചുകൊണ്ടു നിൽക്കുമ്പോൾ ഗബ്രിയേൽ ദൂതൻ അവനു പ്രത്യക്ഷനായി. ദൂതൻ അവനോട് "നിന്റെ പ്രാർത്ഥനക്ക് ഉത്തരമായി നിന്റെ ഭാര്യ എലിശബെത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും; അവനു യോഹന്നാൻ എന്നു പേരിടണം" എന്നു പറഞ്ഞു. യോഹന്നാൻ എന്ന വാക്കിന് ദൈവത്തിന്റെ ദാനം എന്നർത്ഥം സെഖര്യാവിന് ദൈവദൂതന്റെ വാക്ക് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. തന്മൂലം കുട്ടിക്കു പേരിടുന്നതു വരെ താൻ ഊമനായിരിക്കുമെന്ന് ദൂതൻ പറഞ്ഞു. സെഖര്യാവ് ഊമനായി വീട്ടിലെത്തി ഭാര്യയെ മകൻ ജനിക്കുന്ന കാര്യം എഴുതി അറിയിച്ചു കാണും. അവൾക്കും അതു സന്തോഷമായി. മാസങ്ങൾ കഴിഞ്ഞു. എലിശബെത്ത് ഒരു പുത്രനു ജന്മം നൽകി. കുട്ടിക്കു പേരിടുന്ന ദിവസം പലരും വന്നു, പല പേരുകൾ പറഞ്ഞു. യോഹന്നാൻ എന്നു പേരിടണം എന്ന് എലിശബെത്ത് ആവശ്യപ്പെട്ടു. സെഖര്യാവും അതു തന്നെ എഴുതി കാണിച്ചു. അപ്പോൾ അവന്റെ വായ് തുറന്നു സംസാരിപ്പാൻ തുടങ്ങി. എല്ലാവരും ഇതുകണ്ട് ദൈവത്തെ വാഴ്ത്തി

യോഹന്നാൻ വളർന്നു യുവാവായി. അന്നത്തെ സമൂഹത്തിലെ ദോഷങ്ങൾ കണ്ട് മരുഭൂമിയിൽ താമസമാക്കി. അവൻ ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും ധരിച്ച് താടിയും വളർത്തി മരുഭൂമിയിൽ ലഭിക്കുന്ന ആഹാരവും കഴിച്ച് ദൈവസംസർഗ്ഗത്തിൽ കഴിഞ്ഞു. മനുഷ്യർ യോഹന്നാനെക്കുറിച്ച് കേട്ട് അവന്റെ അടുക്കൽ വന്നു. 'പാപം വെടിഞ്ഞ് മാനസാന്തരപ്പെടുക' എന്നു പറഞ്ഞ് തനിക്കു പിന്നാലെ വരുന്ന യേശു രാജാവിന് വഴി ഒരുക്കി. യോഹന്നാൻ മാനസാന്തരപ്പെടുന്നവരെ യോർദ്ദാൻ നദിയിൽ സ്നാനം കഴിപ്പിച്ചു കൊണ്ടിരുന്നു.അതിനാലാണ് 'സ്നാപകൻ' എന്നു തന്നെ വിളിക്കുന്നത്. ആദ്യമായി സ്നാനം കഴിപ്പിപ്പാനായി ദൈവത്താൽ അയക്കപ്പെട്ടവനാണ് യോഹന്നാൻ. വലിയ കൂട്ടം ആൾക്കാർ തന്റെ പ്രസംഗം കേൾക്കുവാൻ എന്നും അവിടെ വരുമായിരുന്നു. യേശുവും യോഹന്നാനെപ്പറ്റി കേട്ടിരുന്നു. എല്ലാ ദൈവനീതിയും നിവൃത്തിയാകേണ്ടതിനു യേശു യോഹന്നാനാൽ സ്നാനം ഏൽക്കുന്നതിന് ഒരുങ്ങി എത്തി. അപ്പോൾ യേശുവിനെ യോഹന്നാൻ എല്ലാവർക്കും പരിചയപ്പെടുത്തി. "ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നായിരുന്നു യോഹന്നാൻ യേശുവിനെക്കുറിച്ച് പറഞ്ഞത്. അങ്ങനെ യേശുവിനെയും യോഹന്നാൻ യോർദ്ദാൻ നദിയിൽ സ്നാനം കഴിപ്പിച്ചു. ഇങ്ങനെ യോഹന്നാൻ യേശുവിനായി വഴി ഒരുക്കികൊണ്ടിരുന്നു.

**സന്ദേശം: മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനായ് വന്ന സ്വന്തപുത്രനായ യേശുവിന് വഴി ഒരുക്കുവാനായി ദൈവം യോഹന്നാനെ അയച്ചു. നാമും യോശുവിനെ മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുന്നവരായിരിക്കണം.**

## Reading Portion: Mathew 3:1-17, Luke 1:5 – 66, 3: 1-22

Before sending His Son Jesus to this world, to prepare His path and proclaim His coming, God send John the Baptist as per his plan. Zacharias a priest and His wife Elizabeth, a righteous family before God, lived in Judea. They had no children, they were old and they were praying for a child. One day when Zacharias was praying in the temple, the Angel Gabriel appeared before him and said. "Fear not. Thy prayer is

heard. Your wife Elizabeth will bear a son. He should be called John”. Zacharias could not believe this and therefore the Angel said, “You shall be dumb till you name the child John.” Zacharias came home dumb, and might have told his wife about the child birth, by writing. She was also happy and months passed and she bore him a son. People came and said different names as per tradition but Zacharias asked for a writing table and wrote 'John'. The moment his mouth was opened and he could speak.

John grew up into a healthy young man and he went to the wilderness. He had on him a garment of Camel's hair and a leather girdle. He ate food available in the desert but he always was in the presence of the Lord. He started preaching, “Repent of your sins and be baptized. The one who comes after me is greater” and paved the way for Jesus. John baptized, those who accepted the gospel in the Jordan River. So this is why we call him 'John the Baptist' and he was send by God to do this first. Jesus also had heard about John and he came to John, by the river Jordan. To fulfill all righteousness Jesus was baptized by John. John said about Jesus “Behold the Lamb of God who bears the sin of the world. Thus, John the Baptist paved the way for Jesus as his forerunner.

**Message: John was send as a forerunner of Jesus, the Saviour of mankind. Like that, we all should show Jesus to others.**

## പ്രവർത്തനം Activity

### ചേർക്കാമോ? Match them ?

| | |
|---|---|
| യോഹന്നാൻ John | ദൂതൻ Angel |
| സെഖര്യാവ് Zachariah | സെഖര്യാവ് Zachariah |
| എലിസബേത്ത് Elizabeth | സ്നാപകൻ Baptist |
| ഒട്ടകം Camel | ഉടുപ്പ് Garment |
| ദൂതൻ Angel | ഗബ്രിയേൽ Gabriel |

യോഹന്നാൻ സ്നാപകന്റെ പ്രത്യേകതകൾ കണ്ടുപിടിക്കുക/?

Find out what was special about John ?

(മത്തായി 3:4) (Mathew 3:4)






1. സെഖര്യാവിന്റെ ഭാര്യയുടെ പേരെന്ത്?
   What was the name of Zachariah's wife?
2. യോഹന്നാൻ എന്ന വാക്കിന്റെ അർത്ഥം എന്ത്?
   What is the meaning of John ?
3. സ്നാപകൻഎന്നു യോഹന്നാനെ വിളിക്കുന്നതെന്തുകൊണ്ട്?
   Why is John called Baptist ?
4. സെഖര്യാവ് ഊമനായി തീർന്നതെന്തുകൊണ്ട്?
   Why did Zachariah become dumb ?

